പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 5564 6.07.2012 -ൽ മറുപടിനൽകേണ്ടത്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. ഹംസ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012-2013 – ലെ ബഡ്ജറ്റിൽ പുതിയ പദ്ധതിയായ സ്കിൽ & എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് സെന്റർ എന്നത് ആവിഷ്കരിക്കപ്പെടുകയും അതിനായി 2 കോടി രൂപ വകയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് വിവിധ മേഖലകളിൽ തൊഴിൽ വൈദഗ്ദ്യം ആർജിക്കുന്നതിന് പല ഘട്ടങ്ങൾ ഈ പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ, സ്ക്രീനിംഗ്, കൗൺസലിംഗ് അസസ്മെന്റ്, ട്രെയിനിംഗ് സർട്ടിഫിക്കേഷൻ പ്ലേസ്മെന്റ് എന്നിവയാണ് ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങളായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഓരോ ഉദ്യോഗാർത്ഥിയുടേയും സ്കിൽ ഷോർട്ടേജ് മനസ്സിലാക്കിക്കൊണ്ട് അവർക്ക് ആവശ്യമായ ട്രെയ്നിംഗ് നൽകാനായി ബന്ധപ്പെട്ട വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡർമാരെ കണ്ടെത്തി പരിശീലനത്തിന് അയയ്ക്കുന്നതാണ്. നിലവിലുള്ള ഷോർട്ട് ടേം കോഴ്സുകൾ എം.ഇ.എസ് (മോഡ്യൂലാർ എംപ്ലോയബിൾ സ്കിൽസ്) കോഴ്സുകൾ വഴിയും നടപ്പിലാക്കാൻ പോകുന്ന എ.എസ്. ഇ.പി (അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം) |

വഴിയും പരിശീലനം നൽകുന്നു.
ഇതോടൊപ്പം തന്നെ ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചുകൊണ്ട് പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാദ്ധ്യതയും ഉണ്ടാക്കിക്കൊടുക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) 2011-12 കാലഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള വിവരം നൽകുമോ;

(ബി)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1501 |
| 2 | കൊല്ലം | 669 |
| 3 | പത്തനംതിട്ട | 511 |
| 4 | ആലപ്പുഴ | 1059 |
| 5 | കോട്ടയം | 528 |
| 6 | ഇടുക്കി | 485 |
| 7 | എറണാകുളം | 1028 |
| 8 | തൃശ്ശൂർ | 1173 |
| 9 | പാലക്കാട് | 1011 |
| 10 | മലപ്പുറം | 1329 |
| 11 | കോഴിക്കോട് | 192 |
| 12 | വയനാട് | 391 |
| 13 | കണ്ണൂർ | 816 |
| 14 | കാസറഗോഡ് | 502 |

(സി) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരുകൾ രജിസ്റ്റർ ചെയ്യുകയും തൊഴിലിനായി കാത്തിരിക്കുകയും ചെയ്യുന്നവരുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 611951 |
| 2 | കൊല്ലം | 401281 |
| 3 | പത്തനംതിട്ട | 178783 |
| 4 | ആലപ്പുഴ | 383829 |
| 5 | കോട്ടയം | 263848 |
| 6 | ഇടുക്കി | 122748 |
| 7 | എറണാകുളം | 373941 |
| 8 | തൃശ്ശൂർ | 426223 |
| 9 | പാലക്കാട് | 351697 |
| 10 | മലപ്പുറം | 298417 |
| 11 | കോഴിക്കോട് | 344797 |
| 12 | വയനാട് | 93610 |
| 13 | കണ്ണൂർ | 218955 |
| 14 | കാസറഗോഡ് | 107729 |

(ഡി) നിലവിൽ ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിൽ ആണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇന്ത്യൻ പാർലമെന്റ് 1959-ൽ പാസ്സാക്കിയ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം, സർക്കാർ /അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ യിലുണ്ടാകുന്ന എല്ലാതരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ചിരിക്കണമെന്ന് വ്യവസ്ഥചെയ്യുന്നു. പി.എസ്.സി ലിസ്റ്റ് നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഇപ്രകാരം അറിയിക്കുന്ന ഒഴിവുകളിൽ മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) താൽക്കാലിക ഒഴിവുകൾ ഉണ്ടായിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

(ഇ)താൽക്കാലിക ഒഴിവുകൾ ഉണ്ടായിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താത്ത സംഭവങ്ങൾ ഇ.എം.ഐ ഇൻസ്പെക്ഷൻ വേളയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ